**കൈത്താക്കാലം - 2016 ആഗസ്റ്റ് 15**

യോഹ. 2:1-12)

**വചനസന്ദേശം: റവ.ഫാ. മാത്യു കിലുക്കൻ**

വീഞ്ഞുതീർന്നുപോയിട്ടും വിരുന്ന് തീരാതിരുന്നതിന്റെ അത്ഭുതമാണ് കാനായിലെ കല്യാണ വിരുന്നെങ്കിൽ, എത്ര വിവരിച്ചാലും, തീരാത്ത വ്യാഖ്യാനങ്ങളുടെ അക്ഷയ കലവറ തന്നെയാണീ സുവിശേഷ സന്ദർഭവും.

'യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു, യേശുവും ശിഷ്യന്മാരും വിരുന്നിന് ക്ഷണിക്കപ്പെട്ടിരുന്നു.'

നമ്മുടെ ഭവനങ്ങളിലെ ആഘോഷങ്ങളുടെ കാരണം പലപ്പോഴും ആത്മീയമാണെങ്കിലും, അതവസാനിക്കുമ്പോൾ തികച്ചും, ഭൗതികവും ചിലപ്പോഴെല്ലാം അപഹാസ്യവുമായി മാറാറുണ്ട്. കുഞ്ഞിന്റെ മാമ്മോദിസവേള പോലും മദ്യത്തിൽ മുക്കിക്കൊല്ലുന്നത് തന്നെ നല്ല ഉദാഹരണം. നമ്മുടെ ഏതൊരാഘോഷത്തിനും മദ്യം ഒഴിച്ചുകൂടാനാകാത്ത ഒരു അതിഥിയായിമാറിയത് എന്നു മുതലാണ്?

നമ്മുടെ വിരുന്നുകളിൽ ക്രിസ്തു ഉണ്ടാകട്ടെ. ക്രിസ്തുവിനു പ്രിയപ്പെട്ടവരും, പ്രിയപ്പെട്ടതും.

യേശുവിന്റെ അമ്മ, അവനോട് പറഞ്ഞു: "അവർക്ക് വീഞ്ഞില്ല"

വീഞ്ഞ് തീന്നുപോയത് വീട്ടുകാർ പോലുമറിയും മുൻപേ അമ്മ അറിയുന്നു. എന്തുകൊണ്ട് ഒരു കത്തോലിക്കഭവനത്തിൽ അനുദിനമുള്ള ജപമാല പ്രാർത്ഥന അനിവാര്യമാകണമെന്നതിന്റെ ശരിയുത്തരമാണീ വചനം. നമ്മുടെ ഭവനത്തിലെ കുറവുകൾ-സ്നേഹം വരണ്ട് തുടങ്ങിയെന്ന്, തീക്ഷ്ണത മങ്ങിത്തുടങ്ങിയെന്ന്, ബന്ധങ്ങളിൽ താളപ്പിഴകൾ കണ്ടുതുടങ്ങിയെന്ന് ആദ്യമറിയുന്ന പ. അമ്മ അതെല്ലാം തന്റെ തിരുക്കുമാരന്റെ പക്കൽ സമർപ്പിച്ച്, നിവർത്തിക്കുന്ന അനുഗൃഹീതനിമിഷമാണ് കുടുംബപ്രാർത്ഥന.

"ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ എന്ന് യേശു അവരോട് കല്പിച്ചു."

'നിറയ്ക്കുവി'നെന്നായിരുന്നു കല്പന. അതൊരു കല്പനയായതിനാൽ പാലിക്കാതെ നിവൃത്തിയില്ല. ഇനി എന്താണ് നിറയ്ക്കേണ്ടത്? കുടുംബത്തിൽ, കൂടെയുള്ളവരുടെ കയ്യിൽ ഒഴിഞ്ഞ കുടങ്ങളാണധികവും. അതിൽ സ്നേഹം നിറയ്ക്കാം. പ്രോത്സാഹനവും, കരുതലും, നല്ല വാക്കുകളായി നിറയ്ക്കാം. 'സാരമില്ല പോട്ടെ' എന്നൊരാശംസ ആശ്വാസത്തിന്റെ ആഹ്ലാദം നിറയ്ക്കുന്നുണ്ട്. പൊറുതിയും, മാപ്പപേക്ഷയും നഷ്ടപ്പെട്ട പലതും വീട്ടിൽ തിരികെയെത്തിക്കുമെന്നോർക്കണം. അതുകൊണ്ട് നിറയ്ക്കാം പരസ്പരം, അങ്ങനെ നിറയാം 'വക്കോളം'.

ഇനി പകർന്നു കലവറക്കാരന്റെ അടുത്ത് കൊണ്ടുചെല്ലുവിൻ'

കലവറക്കാരൻ ഉത്തരവാദിത്വപ്പെട്ട ഒരാൾ തന്നെയാണ്. വീഞ്ഞിന്റെ ഗുണനിലവാരമളക്കുന്നയാൾ', ജീവിതത്തിനും വേണം അത്തരം ചില ഉത്തരവാദിത്വപ്പെട്ട സാന്നിധ്യങ്ങൾ. നമ്മുടെ ജീവിതത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ച് ആധികാരികമായി പറയാൻ കഴിയുന്ന ഒരാൾ, അല്ലെങ്കിൽ അങ്ങനെയൊരിടം. കുമ്പസാരം പോലുള്ള ഏറ്റുപറച്ചിലുകൾ അതിനുള്ള നല്ലൊരു സാധ്യതതന്നെയാണ്. അതു പോര, വർഷത്തിൽ ഒരിക്കലെങ്കിലും കുടുംബാംഗങ്ങൾ എല്ലാവരുമൊന്നിച്ച് ഒരു ധ്യാനമാകാം. ആത്മീയ മനുഷ്യരുടെ സഹവാസവും, ശിഷ്യത്വവുമാകാം. നല്ല കുടുംബങ്ങളുമായുള്ള സൗഹൃദവും അത്തരം നല്ല 'പരിശോധന'യ്ക്ക് സഹായകം തന്നെയാണ്.

അവൻ മണവാളനെ വിളിച്ചു പറഞ്ഞു: എല്ലാവരും മേൽത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു.... എന്നാൽ നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചു വച്ചുവല്ലോ.

ഏതുവരെയും? വിരുന്ന് തീരുന്നതുവരെയും; വിരുന്ന് എന്നാൽ നമ്മുടെ ജീവിതം, വൈവാഹിബന്ധം... അതവസാനിക്കുന്നത് മരണത്തോടെ മാത്രം. അതുവരെയും, അന്ത്യം വരെയും, നല്ലതൊക്കെയും നാം കാത്തുവയ്ക്കേണ്ടതുണ്ട്. നല്ലതുമാത്രം പരസ്പരം വിളമ്പിക്കൊടുക്കേണ്ടതുണ്ട്.

അൾത്താരയ്ക്കുമുമ്പിൽ അനേകരെ സാക്ഷികളാക്കി നാം ആരംഭിച്ച കുടുംബജീവിതം, ആദ്യമായി കരം ചേർത്തപ്പോൾ പരസ്പരം സമ്മാനിച്ച സ്നേഹത്തിന്റെ ഊഷ്മളത അവസാനം വരെ പങ്കുവയ്ക്കാനാകുമോ? അതേ തീവ്രതയോടെ വിശുദ്ധിയോടെ ഇന്നും ചേർന്നു നിൽക്കാനാകുമോ?

സമർപ്പിതരും വിളമ്പണം തീക്ഷ്ണതയുടെ, സ്നേഹത്തിന്റെ വീഞ്ഞ്; ആദ്യം വിളമ്പിയതുപോലെ അതേ അളവിലും, ഗുണത്തിലും, അവസാനം വരെ.

'അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു.'

ഒരു കുടുംബത്തിൽ നടന്ന അത്ഭുതമാണിത്. ക്രിസ്തുവിന്റെയും അവന്റെ അമ്മയായ മറിയത്തിന്റെയും കരംപിടിച്ച് എങ്ങനെയാണ് ഒരു കുടുംബം ഒരു പ്രതിസന്ധിയെ അതിജയിച്ചതെന്ന് പറഞ്ഞുതരികയാണ്. ക്രിസ്തുവും, പ. മറിയവും, ശിഷ്യരും നമ്മുടെ കുടുംബാംഗങ്ങളാകുന്ന അത്ഭുതത്തിന് നാം നിരന്തരം കാരണമാകുമ്പോൾ, നമ്മുടെ കുടുംബം തിരുക്കുടുംബമാകും. ആ കുടുംബത്തിന്റെ സാക്ഷ്യം അനേകർക്ക് പ്രചോദനമാകും. അതുകണ്ട് മറ്റുള്ളവർ ക്രിസ്തുവിലേക്കെത്തും.

ഫ്രാൻസിസ് പാപ്പ കുടുംബങ്ങളെക്കുറിച്ച് ഇത്രയേറെ ആകുലപ്പെടുന്നതിന്റെ കാരണവും മറ്റൊന്നല്ല. "കുടുംബത്തിലെ, സാക്ഷ്യവും, കുടുംബത്തിന്റെ സാക്ഷ്യവും". അതാണ് യഥാർത്ഥ ക്രൈസ്തവ സാക്ഷ്യം.